# ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, തൃപയാർ

## ക്വട്ടേഷൻ നോട്ടീസ്

ഇ മെയിൽ : srpolyoffice@gmail.com

ഫോൺ നം : **0487-2391239**

നം: SRGPTC/130/2025-C1 തീയതി**:** 01-04-2025

ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും വേണ്ടിയുള്ള കാന്റീൻ 2025 ഏപ്രിൽ ഒന്ന് മുതൽ 2026 മാർച്ച് 31 വരെ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

"ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി - **24-04-2025 , 3 PM** "

താഴെ പറയുന്ന ഭക്ഷ്യവസ്തുക്കളുടെയും പാനീയങ്ങളുടെയും തൂക്കവും വിലയും പ്രേത്യേകം രേഖപ്പെടുത്തിയിരിക്കണം . ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടത് കുറഞ്ഞത് ഒന്ന് (1 ) രൂപയുടെ ഗുണിതങ്ങളായി വേണം വില രേഖപ്പെടുത്തേണ്ടത്

| ക്രമ നമ്പർ | ആഹാര സാധനങ്ങൾ | അളവ് |
|---|---|---|
| 1 | ഊണ് | 500 ഗ്രാം. ചോറ്, സാമ്പാർ, അവിയൽ, പപ്പടം, മോര്, തോരൻ, പുളിശ്ശേരി, അച്ചാർ മുതലായ കറികൾ |
| 2 | ചായ, കാപ്പി | 6 ഔൺസ് ശുദ്ധമായ പശുവിൻ പാലും, ചായപ്പൊടിയും പഞ്ചസാരയും ഉപയോഗിച്ച് |
| 3 | ദോശ, ഇഡ്ഡലി, നെയ്റോസ്റ്റ് | 80 ഗ്രാം |
| 4 | പുട്ട്, ചപ്പാത്തി, പൂരി | 80 ഗ്രാം |
| 5 | പൊറോട്ട, മസാലദോശ | 80 ഗ്രാം |
| 6 | വെള്ളയപ്പം, നൂലപ്പം (ഇടിയപ്പം) | 80 ഗ്രാം |
| 7 | ഉഴുന്നുവട, പരിപ്പ് വട | 30 ഗ്രാം |
| 8 | ഉണ്ടംപൊരി, ഉള്ളിവട, ബജ്ജി, പഴംപൊരി, സുഖിയൻ, സമോസ, പഫ്സ്, കട്ലറ്റ്, ബോണ്ട,കൊഴുക്കട്ട, പത്തിരി,അട, ഇലയപ്പം, ഉന്നക്കായ | 40 ഗ്രാം |
| 9 | ബീഫ് കറി, ചിക്കൻ കറി | 120 ഗ്രാം |
| 10 | ബീഫ് റോസ്റ്റ്, ചിക്കൻ റോസ്റ്റ്, ബീഫ് ഫ്രൈ | 100 ഗ്രാം |
| 11 | ഓംലൈറ്റ് | 1 എണ്ണം (താറാവ്, കോഴിമുട്ട) |
| 12 | മീൻ കറി, കടലക്കറി, കപ്പ, ഗ്രീൻപീസ്, | 130 ഗ്രാം |

| | | |
|---|---|---|
| | മസാലക്കറി, മുട്ടക്കറി | |
| 13 | മീൻ വറുത്തത് | 75 ഗ്രാം |
| 14 | കട്ടൻ കാപ്പി , കട്ടൻ ചായ , മിന്റ് ടി | 180 ഗ്രാം |
| 15 | നാരങ്ങാവെള്ളം/സർബത്ത്/ സോഫ്റ്റ് ഡ്രിങ്ക്സ് | |

**വ്യവസ്ഥകൾ**

1. കാന്റീൻ നടത്തുന്നതിന് വ്യക്തിയെ തിരഞ്ഞെടുക്കുമ്പോൾ പ്രസ്തുത ജോലിയിൽ മുൻപരിചയവും, സാമ്പത്തികശേഷിയും പരിഗണിക്കുന്നതാണ്.
2. കാന്റീൻ നടത്തിപ്പിനായി അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിച്ച്കൊള്ളുമെന്ന് സത്യപ്രതിജ്ഞ ക്വട്ടേഷനോടൊപ്പം പ്രത്യേകം ഉൾപെടുത്തേണ്ടതാണ്.
3. കരാറുകാരൻ കെട്ടിടങ്ങൾക്കോ മറ്റ് സർക്കാർ സാധനങ്ങൾക്കോ മുതലുകൾക്കോ കേടുപാടുകൾ വരുത്തുവാൻ പാടില്ലാത്തതും അങ്ങിനെയെന്തെങ്കിലും സംഭവിച്ചാൽ ആയതിനുള്ള നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
4. കാന്റീനകത്തും പരിസരങ്ങളും പൂർണ്ണമായ ശുചിത്വം പാലിക്കേണ്ടതാണ്.കാന്റീൻ കെട്ടിടം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്
5. കാന്റീൻ ഉപയോഗത്തിനുള്ള പാത്രങ്ങളും ഫർണ്ണിച്ചറുകളും കരാറുകാരൻ സ്വന്തം നിലയ്ക്ക് ഏർപ്പെടുത്തേണ്ടതാണ്.
6. കരാറുകാരൻ ഓരോ മാസവും കെട്ടിടവാടകയായി 1450/- രൂപയും ഉപയോഗിക്കു വെള്ളം, വൈദ്യുതി എന്നിവയുടെ ചാർജ്ജ് അതതുമാസത്തെ റീഡിംഗ് അനുസരിച്ച് തൊട്ടടുത്ത മാസം ഒന്നാം തീയതിക്കും മുമ്പായി ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം ആയതിന് പിഴ, പലിശ ഈടാക്കുന്നതാണ്. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ വൈദ്യുതി ബോർഡും വാട്ടർ അതോറിറ്റിയും നിരക്കിൽ വരുത്തുന്ന മാറ്റങ്ങൾക്ക് വിധേയമായിരിക്കും.
7. ക്വട്ടേഷൻ അംഗീകരിച്ചാൽ കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 3000 രൂപ ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. കാന്റീൻ നടത്തിപ്പിനായുള്ള കരാർ ലംഘിച്ചതായി ബോദ്ധ്യപ്പെട്ടാൽ ടി തുക സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതാണ്.
8. കാന്റീൻ നടത്തിപ്പിനുള്ള കരാർ **31-03-2026**-ൽ അവസാനിക്കുന്നതാണ്. എന്നാൽ എന്തെങ്കിലും കാരണവശാൽ പുതിയ കോൺട്രാക്റ്റ് നൽകുന്നതിന് താമസം നേരിട്ടാൽ ദീർഘിപ്പിക്കുന്നതിനുള്ള അവകാശം പ്രിൻസിപ്പാളിന് ഉണ്ടായിരിക്കും.
9. പ്രിൻസിപ്പാളിന്റെ മുറിയിലും ഓഫീസിലും ആവശ്യമനുസരിച്ച് ചായ, കാപ്പി, പലഹാരം എന്നിവ എത്തിച്ചുകൊടുക്കേണ്ടതാണ്.
10. പ്രഭാത ഭക്ഷണത്തോടൊപ്പം സൗജന്യമായി സാമ്പാർ അല്ലെങ്കിൽ തേങ്ങാ ചട്ണി നൽകേണ്ടതാണ്.
11. കാന്റീൻ ജീവനക്കാർ ഹെഡ്ക്യാപ് ധരിച്ച് വേണം പാചകം ചെയ്യേണ്ടതും വിതരണം ചെയ്യേണ്ടതും .
12. ക്യാന്റീനിൽ പുതിയ പാത്രങ്ങളും , ഗ്ലാസുകളും മാത്രം ഉപയോഗിക്കേണ്ടതാണ് .

13. മേൽപ്പടി വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തൃപ്തികരമായി നടപ്പാക്കുന്നതില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ടിയാന്റെ കരാർ റദ്ദാക്കുന്നതിനും നാശനഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള അംഗീകാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

14. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് "കാന്റീൻ ക്വട്ടേഷൻ C1/01/2025-26 " എന്ന് രേഖപ്പെടുത്തേണ്ടതാണ്.

15. അപേക്ഷകന്റെ മേൽവിലാസം കവറിന് പുറത്തും, ക്വട്ടേഷനിലും വ്യക്തമായി എഴുതേണ്ടതാണ്. ക്വട്ടേഷനുകൾ **ഏപ്രിൽ 24-04-2025-ന് വൈകുന്നേരം 3** മണിവരെ ഓഫീസിൽ സ്വീകരിക്കുന്നതാണ്. 25-04-2025ന് രാവിലെ 11 മണിയ്ക്ക് പ്രിൻസിപ്പാളിന്റെ ചേംബറിൽ വെച്ച് തൽസമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

16. ക്വട്ടേഷനുകളെ സംബന്ധിച്ച് പ്രിൻസിപ്പാളിന്റെ തീരുമാനം അന്തിമമായിരിക്കും. കേരള സർക്കാരിന്റെ പരിധിയിൽ വരുന്ന ഇതേ സ്വഭാവമുള്ള ക്വട്ടേഷനുകളിലെ നിയമാവലി ഇതിനും ബാധകമായിരിക്കും.

17. സർവ്വീസ് ടാക്സ്, ജി.എസ്.ടി. അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലുള്ള നികുതികൾ ബാധകമാക്കപ്പെടുകയാണെങ്കിൽ അവ ഒടുക്കുവാൻ ബാദ്ധ്യസ്ഥരാകുന്നതാണ്.

18. **കാന്റീൻ ഏറ്റെടുക്കുന്ന വ്യക്തി സ്വന്തം പേരിൽ കാന്റീൻ ലൈസൻസ് പഞ്ചായത്തിൽ നിന്നും എടുക്കേണ്ടതും, കാന്റീൻ ജീവനക്കാർ സർക്കാർ ആരോഗ്യവകുപ്പിൽ നിന്നും ഹെൽത്ത് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുമാണ്. നിശ്ചിത ഗുണനിലവാരമില്ലാത്തതും പഴകിയതും കേടുവന്നതുമായ ആഹാര സാധനങ്ങൾ വിൽക്കുവാൻ പാടില്ലാത്തതുമാകുന്നു. കാന്റീനിന്റെ നടത്തിപ്പിലും ഗുണനിലവാരത്തിലും ശുചിത്വത്തിലും സംസ്ഥാന ആരോഗ്യവകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.**

19. ലഹരി വസ്തുക്കളും, പുകയിലജന്യ പദാർത്ഥങ്ങളും വിൽപന നടത്തുവാൻ പാടുള്ളതല്ല.

20. ആഹാര സാധനങ്ങളുടെ **അളവ്, വില** എന്നിവ ക്വട്ടേഷൻ പ്രകാരം **വ്യക്തമായി രേഖപ്പെടുത്തി (വിലവിവര പട്ടിക )പ്രദർശിപ്പിക്കേണ്ടതാണ്.**

21. ക്വട്ടേഷൻ സ്വീകരിക്കുമ്പോൾ അംഗീകരിക്കുന്ന ആഹാര സാധനങ്ങൾക്ക് പുറമേ പുതിയ ഇനങ്ങൾ വിൽക്കുവാൻ സ്ഥാപനമേധാവിയിൽ നിന്നും മുൻകൂർ അനുമതി നേടേണ്ടതുമാണ്.

22. ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി - 24-04-2025 , 3 PM

ക്വട്ടേഷൻ തുറക്കുന്ന തീയതി - 25-04-2025 , 11 AM

വിശ്വസ്തതയോടെ,

പ്രിൻസിപ്പാൾ

തൃപ്രയാർ,

തീയതി: 01-04-2025

പകർപ്പ്ഃ

1. നോട്ടീസ് ബോർഡ്
2. കാന്റീൻ
3. വില്ലേജ് ഓഫീസ് (നാട്ടിക), വലപ്പാട്, തളിക്കുളം, വാടാനപ്പിള്ളി
4. പഞ്ചായത്ത് ഓഫീസ് (നാട്ടിക, വലപ്പാട്, തളിക്കുളം, വാടനപ്പിള്ളി)
5. സബ്ബ് രജിസ്ട്രാർ ഓഫീസ്, തൃപ്രയാർ
6. സിവിൽ സ്റ്റേഷൻ, തൃപ്രയാർ
7. കോളേജ് വെബ്സൈറ്

Signed by
Baburajan T S
Date: 04-04-2025 11:51:53